(ബി) ഉണ്ടെങ്കിൽ അവരുടെമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) യും (ബി) യും കിടങ്ങൂർ എൻ. എസ്. എസ്. ഹൈസ്കൂളിലെ 11 വിദ്യാർത്ഥികൾ ദേശീയഗാനം ആലപിക്കുവാൻ വിസമ്മതം പ്രകടിപ്പിച്ചിട്ടുണ്ട്. ഇവർ ''യഹോവ സാക്ഷികൾ'' എന്ന സമൂഹത്തിൽപ്പെട്ടവരാണ്. ദേശീയഗാനം ആലപിക്കുന്നത് നിർബന്ധമാണെന്ന് ഹെഡ്മിസ്ട്രസ് നിഷ്കർഷിച്ചതു മുതൽ ഇവർ സ്കൂളിൽ ഹാജരാകുന്നില്ല. ''യഹോവ സാക്ഷികൾ'' എന്ന സമൂഹത്തിലെ പ്രധാനിയും ടി സ്കൂളിലെ ഒരു കുട്ടിയുടെ പിതാവുമായ ഒരു പ്രൊഫസർ ഇക്കാര്യത്തിനുവേണ്ടി ദേശീയ അനാദരവ് തടയൽ നിയമമനുസരിച്ച് നടപടിയെടുക്കാൻ പോലീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനിടെ 5 വിദ്യാർത്ഥികൾ ചേർന്ന് തങ്ങളെ ദേശീയഗാനം ആലപിക്കുന്നതിൽനിന്നും ഒഴിവാക്കി പഠനം തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഒരു റിട്ടു ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഇതു കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.

തൃശ്ശൂർ ജില്ലയിലെ പാലാഴി സുദർശന സംസ്കൃത വിദ്യാലയത്തിൽ ഈ അദ്ധ്യയന വർഷാരംഭം മുതൽ ദേശീയ ഗാനത്തിനുപകരം പ്രസ്തുത സ്കൂൾ ഹെഡ്മാസ്റ്റർ എഴുതിയ മറെറാരു ഗാനം ആലപിക്കാൻ തുടങ്ങി. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടനെ ദേശീയഗാനം ആലപിക്കുന്നത് നിർബന്ധമാക്കണമെന്ന് വിദ്യാഭ്യാസ വകുപ്പുധികൃതർ ഹെഡ്മാസ്റ്ററെ അറിയിക്കുകയുണ്ടായി. അതിനുശേഷം പ്രസ്തുത വിദ്യാലയത്തിൽ ദേശീയഗാനം ആലപിക്കുന്നുണ്ട്.

എസ്. എസ്. എൽ. സി. പരീക്ഷയുടെ റീവാല്യൂവേഷൻ

*34 [38] ശ്രീ. വി. കെ. രാജൻ:
,, എം. കെ. കേശവൻ:
,, കെ. ടി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ഇ. ഇസ്മയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയുടെ റിസൾട്ടിനുശേഷം എത്ര കുട്ടികൾ റീവാല്യൂവേഷൻ അപേക്ഷിച്ചു;

(ബി) എത്ര കുട്ടികളുടെ പേപ്പർ റീവാല്യൂ ചെയ്തു;

(സി) എത്ര കുട്ടികൾക്ക് കൂടുതൽ മാർക്ക് കിട്ടി;

(ഡി) എത്ര കുട്ടികൾക്ക് റാങ്കു കിട്ടി;

(ഇ) റീവാല്യൂ ചെയ്ത പേപ്പർ അവ എഴുതിയ വിദ്യാർത്ഥികൾക്ക് തിരികെ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) 683 പേർ.

(ബി) 683 പേർ.

(സി) 142 പേർക്ക്.

(ഡി) ആർക്കും റാങ്ക് കിട്ടിയിട്ടില്ല.

(ഇ) ഇല്ല.

ഇടമലയാർ, കല്ലട പദ്ധതികളെപ്പറ്റി പ്രതിപക്ഷ നേതാക്കളുടെ റിപ്പോർട്ട്

*35 [39] ശ്രീ. പി. കുമാരൻ:
,, എം. കെ. കേശവൻ:
,, കെ. ഇ. ഇസ്മയിൽ:

ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ, കല്ലട എന്നീ പ്രോജക്ട് പ്രദേശങ്ങളിലെ പദ്ധതിപ്രവർത്തനങ്ങൾ പരിശോധിച്ചതിനുശേഷം പ്രതിപക്ഷനേതാക്കൾ ഒരു റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിലെ വിവരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ റിപ്പോർട്ടിൻമേൽ ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) റിപ്പോർട്ടുകളുടെ കോപ്പികൾ അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) കല്ലടയെ സംബന്ധിച്ചിടത്തോളം ജുഡീഷ്യൽ അന്വേഷണം ആവശ്യമില്ല എന്നാണ് ഗവൺമെൻറ് തീരുമാനം. ഇടമലയാറിനെ സംബന്ധിച്ചിടത്തോളം ടണലിലെ കോൺക്രീറ്റിൻറെ ഗുണനിലവാരത്തെ സംബന്ധിച്ച് ടെസ്റ്റ് റിപ്പോർട്ട് കിട്ടിയശേഷമേ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുകയുള്ളൂ.

എം. എൽ. എ. റോഡുകൾ

*36 [40] ശ്രീ. കെ. കെ. ബാലകൃഷ്ണൻ:
,, സി. കെ. തങ്കപ്പൻ:
,, വി. സി. കബീർ:
,, എ. സി. ഷൺമുഖദാസ്:
,, കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. റോഡ് എന്നപേരിൽ സ്റ്റേറ്റിലാകെ ഏറെടുത്തിട്ടുള്ള റോഡുകൾ ആകെ എത്രയുണ്ട്;

*അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly